പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 858

09-08-2017 ലെ
മറുപടി

**ദേവികുളം നിയോജക മണ്ഡലത്തിലെ പുതിയ പദ്ധതികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | | മാത്യൂ.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ദേവികുളം നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം പദ്ധതികളാണെന്ന് വ്യക്തമാക്കുമോ; | (ബി)<br>&<br>(സി) | **ഭൂജലവകുപ്പ്**<br>ദേവികുളം നിയോജകമണ്ഡലത്തിൽ എം.എൽ.എ പ്രാദേശിക ഫണ്ട് ഉപയോഗിച്ച് പോലീസ് സ്റ്റേഷൻ-മറയൂർ, ഗവൺമെന്റ് എൽ.പി.എസ്-ചെണ്ടുവര, ദേവികുളം ഗ്രാമപഞ്ചായത്തിലെ ചിറ്റിവര മസ്റ്ററിനു സമീപം വാർഡ് 3, ചിറ്റിവര സി.എസ്.ഐ ചർച്ചിനു സമീപം വാർഡ് 3, ചിറ്റിവര ഹോസ്പിറ്റലിനു സമീപം വാർഡ് 3 എന്നിവിടങ്ങളിൽ കുഴൽകിണർ അടിസ്ഥാനമാക്കിയുള്ള ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഇടുക്കി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.<br>**ജലസേചന വകുപ്പ്**<br>1. നബാർഡ്- 21 പദ്ധതിക്കു കീഴിൽ മൂന്നാറിൽ കണ്ണിമല ഭാഗത്ത് 4 കോടി 35 ലക്ഷം രൂപയുടെ ചെക്ക്ഡാം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കായുള്ള പ്രവൃത്തികൾ നടന്നു വരുന്നു.<br>2. കാവേരി നദീതടത്തിൽ ചെറുകിട ജലസേചന പദ്ധതികൾക്കായി 2017-18 ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് പാമ്പാർ ഉപ നദീതടത്തിൽ ചെക്ക്ഡാമുകളും ജലസംഭരണികളും നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.<br>**കേരള ജല അതോറിറ്റി**<br>ദേവികുളം താലൂക്കിലെ മൂന്നാർ, ബൈസൺവാലി, ദേവികുളം, പള്ളിവാസൽ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ പ്രാഥമിക പഠനങ്ങൾ നടന്നു വരുന്നു. |
| (സി) | ഇല്ലെങ്കിൽ, പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ആവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ